ഗ്രാമീൺ കൃഷി മൗസം സേവാ

കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

പ്രവചന കാലയളവ് 20.4.2022 മുതൽ 24.4.2022 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 16/2022, (31) ചൊവ്വാഴ്ച | തീയ്യതി 19/4/2022 |
|---|---|

**1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (9.8) | (29.9 -35.2) | (24.1-25.9) | (78-98) | (53-89) | (0.7-2.5) | (0.0-10.4) | (1.2-3.8) |

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 20.4.2022 | 21.4.2022 | 22.4.2022 | 23.4.2022 | 24.4.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 3 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 34 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 25 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 250 |
| മേഘവ്യാപ്തി (ഒക്ട) | 6 | 5 | 4 | 4 | 5 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഏപ്രിൽ 20 | 2022 ഏപ്രിൽ 21 | 2022 ഏപ്രിൽ 22 | 2022 ഏപ്രിൽ 23 | 2022 ഏപ്രിൽ 24 |
|---|---|---|---|---|
| നേരിയ മഴ | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല |

**3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

**പൊതുനിർദ്ദേശങ്ങൾ: സൂര്യാഘാതം തടയാൻ നേരിട്ട്** സൂര്യ പ്രകാശം ഏൽക്കാതിരിക്കാൻ കർഷകർ ശ്രദ്ധിക്കുക.**നിർണ്ണായ ഘട്ടങ്ങളിൽ** വിളകൾക്ക് ആവശ്യത്തിന് ജലസേചനം കൊടുക്കുക. തുള്ളിനന ശുപാർശ ചെയ്യുവുന്നതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ കീടങ്ങൾ | | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് (പുഞ്ച) പാലുറയ്ക്കുന്ന പരുവം | പോള ചീയൽ ,ബ്ലാസ്റ്റ് രോഗം |  | ചൂട് കൂടിയ അന്തരീക്ഷ സ്ഥിതി തുടരുന്ന കാരണം നെല്ലിൽ കാണപ്പെടുന്ന പോള ചീയൽ രോഗം, ബ്ലാസ്റ്റ് രോഗം എന്നിവ നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം നേറ്റീവോ പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (മുളക്, തക്കാളി, വഴുതന, വെണ്ട | നീരൂറ്റികുടിക്കുന്ന പ്രാണികൾ (ഇലേപ്പൻ, മുഞ്ഞ, വെള്ളീച്ച) |  | ചൂട് കൂടിയ അന്തരീക്ഷ സ്ഥിതി തുടരുന്ന കാരണം വിളകളിൽ നീരൂറ്റി കുടിക്കുന്ന പ്രാണികളുടെ ഉപദ്രവം കൂടാൻ ഇടയുള്ളതിനാൽ രണ്ടു ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ രണ്ടാഴ്ച്ച ഇടവിട്ട് തളിച്ചു കൊടുക്കുക. |
| ഇഞ്ചി,മഞ്ഞൾ | നടീൽ സമയം |  | ഇഞ്ചി മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്ത് ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടു കൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നത് മുൻകരുതലായി ഇഞ്ചി വിത്തും, മഞ്ഞൾ വിത്തും 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ അല്ലെങ്കിൽ സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി ഒരു കിലോ ട്രൈക്കോഡർമയുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ച തണലത്ത് വെച്ച ശേഷം തടത്തിൽ ഇട്ടുകൊടുക്കുക. |
| മൃഗസംരക്ഷണം | വയറ്റിലുണ്ടാകുന്ന അധിക അമ്ലതയും, ദഹനക്കേടും ഒരു വേനൽക്കാല പ്രശ്നമായതിനാൽ അത് ഒഴിവാക്കാനായി 30 ഗ്രാം സോഡ പൊടിയും, ഒരു ടീസ്പൂൺ യീസ്റ്റ് കുതിർത്തതും, തീറ്റയിൽ ചേർത്തു ദിവസവും നൽകുക. (CAADECCS, KVASU,മണ്ണുത്തി) | | |